# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/161/2017 **പത്രക്കുറിപ്പ്** 2017 ആഗസ്റ്റ് 01

**മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ തിരഞ്ഞെടുപ്പ് നാളെ (ആഗസ്റ്റ് 3)**

മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ (2016-17) തിരഞ്ഞെടുപ്പ് നാളെ (ആഗസ്റ്റ് 3) രാവിലെ 10 മണി മുതൽ സർവ്വകലാശാലാ അസംബ്ലിഹാളിൽ വച്ച് നടക്കും. ജനറൽ കൗൺസിൽ അംഗങ്ങളുടെ തിരിച്ചറിയൽ കാർഡ് അതാത് കോളേജുകളിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ആഗസ്റ്റ് 2 നകം തിരിച്ചറിയൽ കാർഡുകൾ ലഭിക്കാത്ത വോട്ടർമാർക്ക് ഫോട്ടോപതിച്ച കോളേജ് സറ്റ്യുഡന്റ് തിരിച്ചറിയൽ കാർഡ്/ഇലക്ഷൻ കമ്മീഷൻ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡ്/ഡ്രൈവിംങ് ലൈസൻസ്/ഫോട്ടോപതിച്ച പൊതുമേഖലാ ബാങ്ക് പാസ്സ് ബുക്ക് എന്നിവ വരണാധികാരി മുമ്പാകെ നാളെ (ആഗസ്റ്റ് 3) രാവിലെ 8 മണി മുതൽ ഹാജരാക്കി, തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കാവുന്നതാണ്.

**പരീക്ഷാതീയതി**

കാലടി എസ്. എസ്. കോളേജിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്സി. എൻവയോൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് ഡിഗ്രി പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയം, വൈവാ വോസി എന്നിവയ്ക്ക് പിഴയില്ലാതെ ആഗസ്റ്റ് 7 വരെയും, 50 രൂപ പിഴയോടെ 8 വരെയും, 500 രൂപ സൂപ്പർഫൈനോടെ 11 വരെയും സ്വീകരിക്കും. ഈ പരീക്ഷയക്ക് ആദ്യമായി അപേക്ഷിക്കുന്നവർ 100 രൂപ പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായി പരീക്ഷാഫീസിനൊപ്പം അടക്കണം.

ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ & ജേർണലിസത്തിലെ രണ്ടാം സെമസ്റ്റർ എം. എ. ജെ. എം. സി (2016 അഡ്മിഷൻ റഗുലർ), രണ്ടാം സെമസ്റ്റർ എം. സി. ജെ (2016 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി)പരീക്ഷകൾ ആഗസ്റ്റ് 17 നും നാലാം സെമസ്റ്റർ എം. സി. ജെ (2015 അഡ്മിഷൻ റഗുലർ/2015 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ആഗസ്റ്റ് 18 നും ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ആഗസ്റ്റ് 7 വരെയും, 50 രൂപ പിഴയോടെ 8 വരെയും, 500 രൂപ സൂപ്പർഫൈനോടെ 10 വരെയും സ്വീകരിക്കും. വിദ്യാർത്ഥികൾ 100 രൂപ പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

**പ്രാക്ടിക്കൽ പരീക്ഷ**

2017 മെയ് മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി. എ ഇംഗ്ലീഷ് മോഡൽ രണ്ട് - വൊക്കേഷണൽ (സി. ബി. സി. എസ്. എസ് - 2016 അഡ്മിഷൻ റഗുലർ/റീയപ്പിയറൻസ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ കംപ്യൂട്ടർ ആപ്ലിക്കേഷൻ & ഡി. റ്റി. പി.പ്രാക്ടിക്കൽ ആഗസ്റ്റ് 8 മുതൽ ബന്ധപ്പെട്ട കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 മെയ് മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി. സി. എ & ബി. എസ്സി. കംപ്യൂട്ടർ ആപ്ലിക്കേഷൻ (സി. ബി. സി. എസ്. എസ് - 2016 അഡ്മിഷൻ റഗുലർ & റീ അപ്പിയറൻസ്/2013 മുതലുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 8, 9, 10 തിയതികളിൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എ. സംസ്കൃതം ജനറൽ (സി. എസ്. എസ്- സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 14 വരെ സ്വീകരിക്കും.

2017 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബി. എസ്. സി. മോഡൽ മൂന്ന് സൈബർ ഫോറൻസിക് (സി. ബി. സി. എസ്. എസ് - യു. ജി. - 2014 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 16 വരെ സ്വീകരിക്കും.

**ജിയോ - ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി ഹ്രസ്വകാല കോഴ്സ്**

എം. ജി. സർവ്വകലാശാലയുടെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ നാഷണൽ നാച്ചറൽ റിസോഴ്സസ് മാനേജ്മെന്റ് സിസ്റ്റം (NNRMS) പ്രോഗ്രാമിൽ ഐ. എസ്. ആർ. ഒ. യുടെ സാങ്കേതിക സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന ഡോ. ആർ സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിങ്ങ് ആന്റ് ജി. ഐ. എസ് - ൽ നടത്തുന്ന ഹ്രസ്വകാല ജിയോ - ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി കോഴ്സിലേയ്ക്ക്

അപേക്ഷ ക്ഷണിച്ചു. പൂരിപ്പിച്ച അപേക്ഷകൾ ആഗസ്റ്റ് 21 വരെ സ്വീകരിക്കും. 20 ആഴ്ച ദൈർഘ്യമുള്ള ഈ ഫുൾടൈം കോഴ്സിന് അംഗീകൃത ബിരുദമോ, ബിരുദാനന്തര ബിരുദമോ ഉള്ളവർക്ക് അപേക്ഷിക്കാം. ഭൗമവിവരശാസ്ത്രത്തിലും സാങ്കേതിക വിദ്യയിലും സാറ്റലൈറ്റ് റിമോട്ട് സെൻസിങ്ങ്, ഏരിയൽ ഫോട്ടോഗ്രാഫി, ഡിജിറ്റൽ ഇമേജ് പ്രോസസിങ്ങ്, ഫോട്ടോഗ്രാമെട്രി, മാപ്പിങ്ങ്, സർവ്വേയിങ്ങ്, ജി. പി. എസ്, കമ്പ്യൂട്ടർ അധിഷ്ഠിത ജി. ഐ. എസ് മുതലായ അതിനൂതന സാങ്കേതികവിദ്യകളുടെ സമന്വയത്തിലൂടെ വിവരങ്ങളുടെ ശേഖരണവും, വിശകലനവും സാധ്യമാക്കി വിവിധ ശാസ്ത്ര - സാങ്കേതിക ആസൂത്രണ ജോലികൾക്ക് സജ്ജമാക്കുക എന്നതാണ് ഈ കോഴ്സിന്റെ ലക്ഷ്യം.

അപേക്ഷാഫോറവും വിശദവിവരങ്ങളടങ്ങിയ ബ്രോഷറും, www.sesmgu.net എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിലാസം കോ-ഓർഡിനേറ്റർ, ഡോ. ആർ. സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിങ്ങ് ആന്റ് ജി. ഐ. എസ്, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ്, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി. ഒ, കോട്ടയം - 686560. ഫോൺ : 9446 767 451. ഇ-മെയിൽ rsgismgu@gmail.com.

**ഗവേഷണ വിജയത്തിന് ലക്ഷ്യബോധം അനിവാര്യമെന്ന് ഡോ. സുരേഷ്ദാസ്.**

ഗവേഷണം വിജയത്തിലെത്തുന്നതിന് ലക്ഷ്യബോധവും കഠിനപ്രയത്നവും, അത്യുത്സാഹവും അനിവാര്യമാണെന്ന് കേരളാ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ. സുരേഷ്ദാസ് അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 2016-17 ൽ പി. എച്ച്. ഡി. ബിരുദം കരസ്ഥമാക്കിയവരെ ആദരിക്കുന്നതിന് ഇന്ന് നടന്ന ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു ഡോ. സുരേഷ്ദാസ്. ബൃഹത്തായ പ്രോജക്ടുകളോ, സ്ഥാപനങ്ങളോ അല്ല ഗവേഷണ വിജയത്തിന്റെ അടിസ്ഥാനമെന്നും അദ്ദേഹം സൂചിപ്പിച്ചു.

ഗവേഷണഫലങ്ങൾ സാമൂഹ്യ പുരോഗതിയ്ക്കുതകുന്നതും വിദ്യാർത്ഥികളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ സഹായിക്കുന്നതുമാകണമെന്ന് ചടങ്ങിൽ അദ്ധ്യക്ഷതവഹിച്ച വൈസ്ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പറഞ്ഞു. രജിസ്ട്രാർ എം. ആർ. ഉണ്ണി, സിൻഡിക്കേറ്റംഗം ഡോ. എ. എം തോമസ്, യൂണിവേഴ്സിറ്റി റിസർച്ച് കമ്മറ്റി ഡയറക്ടർ ഡോ. ബീന മാത്യൂ, ഐ. ക്യൂ. എ. സി. ഡയറക്ടർ ഡോ. സാബുതോമസ്, ഡോ. റോബിനറ്റ് ജേക്കബ്, സജീവ് മാർട്ടിൻ ജോർജ്ജ് എന്നിവർ ചടങ്ങിൽ സംസാരിച്ചു. 200ൽ പരം പി. എച്ച്. ഡി. ബിരുദധാരികൾ പങ്കെടുത്തു.

**അടിക്കുറിപ്പ്**

. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പി. എച്ച്. ഡി. ബിരുദധാരികളെ ആദരിക്കുന്ന ചടങ്ങിൽ കേരളാ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ. സുരേഷ്ദാസ് പ്രസംഗിക്കുന്നു. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, ഡോ. എ. എം തോമസ്, ഡോ. സാബുതോമസ് ഡോ. റോബിനറ്റ് ജേക്കബ്. എന്നിവർ വേദിയിൽ

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**